# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2344

08-12-2015-ൽ മറുപടിക്ക്

## <u>എന്റ് & എമർജിംഗ് കേരള</u>
## <u>(വൈ.ഇ.എസ്. & എമർജിംഗ് കേരള)</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) വൈ.ഇ.എസ്. & എമർജിംഗ് കേരള എന്നിവയിലൂടെ എത്രമാത്രം നിക്ഷേപം കേരളത്തിലേയ്ക്ക് വന്നിട്ടുണ്ട് ; വിശദവിവരം നൽകുമോ ;<br><br>(ബി) പ്രസ്തുത പദ്ധതികളിലൂടെ എത്ര പുതിയ പദ്ധതികൾ കേരളത്തിൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ; വിശദവിവരം നൽകുമോ ? | (എ) & (ബി) കേരളത്തിലെ നിക്ഷേപ സാധ്യതകളെ ക്കുറിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടു വരുന്ന തിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്ന തിനും വേണ്ടി 2012 സെപ്റ്റംബർ 12 മുതൽ 14 വരെ സർക്കാർ എമർജിങ്ങ് കേരള സംഗമം കെ.എസ്.ഐ.ഡി.സി മുഖേന നടത്തിയിരുന്നു.<br><br>എമർജിങ്ങ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്.<br><br>2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവലോകനം ചെയ്തതിന്റെ അടിസ്ഥാന ത്തിൽ പുരോഗമിക്കുന്ന 56 പദ്ധതിക ളാണ് ഇപ്പോൾ നിലവിലുള്ളത്, ഈ പദ്ധതികളുടെയെല്ലാം കൂടിയുള്ള ആകെ നിക്ഷേപം ഏകദേശം 32137 കോടി രൂപയാണ്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളുടെ ആകെ നിക്ഷേപം 23334 കോടി രൂപയാണ്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചു |

വരുന്നു. പൂർത്തിയായ രണ്ട് പദ്ധതികളുടെയും കൂടിയുള്ള നിക്ഷേപം ഏകദേശം 209 കോടി രൂപയാണ്.

യുവ വിദ്യാർത്ഥി സംരംഭകർക്കായി 2014 സെപ്റ്റംബർ 12ന് സംഘടിപ്പിച്ച യുവ സംരംഭകത്വ സംഗമവും, 2015 സെപ്റ്റംബർ 12 ന് സംഘടിപ്പിച്ച യെസ് ക്യാമ്പും നിക്ഷേപ സമാഹരണ പദ്ധതികളായിരുന്നില്ല. പ്രസ്തുത സംഗമങ്ങൾ വിദ്യാർത്ഥി യുവസംരംഭകരിൽ സംരംഭകത്വ അവബോധം വളർത്തുക,, അവരുടെ നൂതന ആശയങ്ങളുടെ സാക്ഷാത്കാരത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടു കൂടിയാണ് സംഘടിപ്പിച്ചത്.

സെക്ഷൻ ഓഫീസർ